പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : *130 12/07/2016- ൽ മറുപടിക്ക്

## രാഷ്ട്രീയ കൃഷി വികാസ് യോജന

**ചോദ്യം**

ശ്രീ. പി.വി.അൻവർ

ശ്രീ. വി.എസ്. അച്ചുതാനന്ദൻ

ശ്രീ. എം.എം. മണി

ശ്രീ. കെ കുഞ്ഞിരാമൻ

**മറുപടി**

ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കേരളത്തിലെ കാർഷികമേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായം എന്തൊക്കെയാണെന്ന് അറിയിക്കുമോ; | എ) | കേന്ദ്ര സർക്കാർ കാർഷികമേഖലയുടെ സുസ്ഥിരവികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമായ താഴെപറയുന്ന കേന്ദ്രപദ്ധതികൾ നടപ്പിലാക്കുന്നതിന് 60% കേന്ദ്രവിഹിതം ലഭ്യമാക്കുന്നു. 40% സംസ്ഥാന വിഹിതം ഉൾപ്പെടെയുള്ള തുക സംസ്ഥാന സർക്കാർ കണ്ടെത്തിക്കൊണ്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.<br>• നാഷണൽ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി (NHM) (ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്രവികസനം)<br>• പ്രാദേശിക തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കുന്ന പദ്ധതി (ERCN), സബ്മിഷൻ ഓൺ സീഡ്സ് ആന്റ് പ്ലാന്റിംഗ് മെറ്റീരിയൽ പദ്ധതി (SMSP) (അത്യുല്പാദനശേഷിയും ഗുണമേന്മയുമുള്ള നെൽ വിത്തുൾപ്പെടെയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം, വിതരണം)<br>• ദേശീയ ബയോഗ്യാസ് പദ്ധതി (NBMMP) (പരിസ്ഥിതിക്കിണങ്ങുന്ന പാചകവാതകം ലഭ്യമാക്കൽ)<br>• ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ (NFSM) - നെല്ല്, പയർ (നെൽകൃഷി മേഖലയുടെയും പയർകൃഷി മേഖലയുടെയും |

| | | | |
|---|---|---|---|
| | | | സമഗ്രവികസനം)<br>• ആത്മ പദ്ധതി (SMAE) (നൂതന കാർഷിക വിജ്ഞാന വ്യാപന പ്രവർത്തികൾ)<br>• നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ് & ഓയിൽ പാം (NMOOP) (എണ്ണപ്പന കൃഷിയുടെ വ്യാപനം)<br>• പരമ്പരാഗത കൃഷി വികാസ് യോജന (PKVY) (ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി പ്രോത്സാഹനം, പി.ജി.എസ്. സർട്ടിഫിക്കേഷൻ)<br>• പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) (എല്ലാ കൃഷിയിടങ്ങൾക്കും ജലലഭ്യത ഉറപ്പാക്കൽ)<br>• മണ്ണിന്റെ ആരോഗ്യപരിപാലനം (മണ്ണിന്റെ ആരോഗ്യസുരക്ഷ, സോയിൽ ഹെൽത്ത് കാർഡ് പദ്ധതി)<br>• സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ (SMAM) (കൃഷി ലാഭകരമാക്കുന്നതിന് കാർഷികയന്ത്രവൽക്കരണം)<br>• റെയിൻഫെഡ് ഏരിയ ഡെവലപ്മെന്റ് പദ്ധതി (RAD) (കാർഷിക അനുബന്ധ മേഖല ഉൾപ്പെടെയുള്ള സമഗ്രമായ വൃഷ്ടിപ്രദേശ വികസനം)<br>• രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) (കാർഷിക മേഖലയുടെയും അനുബന്ധ മേഖലകളുടെയും സമഗ്ര വികസനത്തിലൂടെ ഉദ്ദേശിക്കുന്ന വളർച്ചാ നിരക്ക് കൈവരിക്കൽ) |
| ബി) | റബ്ബർ അടക്കമുള്ള കാർഷികോല്പന്നങ്ങൾക്ക് ന്യായമായ താങ്ങുവില പ്രഖ്യാപിക്കുന്നതിനും വിലസ്ഥിരതക്കുമായി കേന്ദ്രസർക്കാർ ചെയ്തിട്ടുള്ള കാര്യങ്ങൾ വിശദമാക്കുമോ; | ബി) | കേരളത്തിലെ കാർഷിക വിളകളിൽ നെല്ലിനും കൊപ്രയ്ക്കുമാണ് കേന്ദ്ര സർക്കാർ താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. റബ്ബർ ഉൾപ്പെടെയുള്ള എല്ലാ ഉല്പന്നങ്ങൾക്കും വിലസ്ഥിരത ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികളും അതിന്റെ ഫലപ്രാപ്തിയും അവലോകനം ചെയ്തിട്ടുണ്ടോ, എങ്കിൽ വിശദമാക്കുമോ? | സി) | ഉണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം 1217 പദ്ധതികൾക്ക് അനുമതി നൽകുകയും അതിൽ 1051 പദ്ധതികൾ പൂർത്തീകരിക്കുകയും ശേഷിക്കുന്ന പദ്ധതികളിൽ പദ്ധതി പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. ഓരോ പദ്ധതിയുടെ പ്രവർത്തനവും കൃഷി (പി.പി.എം-സെൽ) മുഖാന്തിരം അവലോകനം ചെയ്യുന്നുണ്ട്. ഓരോ പദ്ധതിയുടെ വിശദാംശങ്ങളും അതിന്റെ ഫലപ്രാപ്തിയും ദ്വൈവാര അടിസ്ഥാനത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ വെബ്സൈറ്റായ 'www.rkvy.nic.in'ൽ പ്രദർശിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ